ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ഈ മന്ത്രിസഭയിലെ പല അംഗങ്ങളും ഇക്കാര്യത്തിൽ പല പ്രസ്താവനകളിലൂടെയും ജനങ്ങൾക്ക് പ്രതീക്ഷ നൽകിയിട്ടുണ്ട്. അതുകൊണ്ട് ക്യാബിനറ്റ് സബ് കമ്മിറ്റി കൂടി ഈ എഗ്രിമെന്റ് ഒന്ന് റീ-കാസ്റ്റ് ചെയ്യാനും ടോൾ നിരക്ക് കുറയ്ക്കാനും ജനങ്ങളുടെ ഭാരം കുറയ്ക്കാനും ശ്രമം നടത്തുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള മറുപടി പറഞ്ഞുകഴിഞ്ഞു. എ.എൽ.എ. എന്നുള്ള നിലയ്ക്ക് ഇവിടെ അവതരിപ്പിക്കാൻ ബാദ്ധ്യതയുണ്ട്. സർക്കാരിന്റെ കാര്യങ്ങൾ വ്യക്തമാക്കാൻ സർക്കാരിനും ബാദ്ധ്യതയുണ്ട്.

ശ്രീ. എം. കെ. മുനീർ: ഈ കാര്യം മുഖ്യമന്ത്രിയോട് പറഞ്ഞിട്ടുണ്ട്.

III. സബ്മിഷൻ

(1) വാമനപുരം-ചിറ്റാർ റോഡിലെ മൈലമൂട് പാലത്തിന്റെ നിർമ്മാണം

ശ്രീ. പിരപ്പൻകോട് മുരളി: സർ, പാലോട് വാമനപുരം റോഡിൽ ചിറ്റാറിന് കുറുകേ മൈലമൂട്ടിൽ നിർമ്മിക്കുന്ന പാലത്തിന്റെ പണി കഴിഞ്ഞ ഏതാനും മാസമായി പൂർണ്ണമായ സ്തംഭനാവസ്ഥയിലാണ്. 1940-ൽ കല്ലറ-പാങ്ങോട് പ്രക്ഷോഭം അടിച്ചമർത്താൻ സർ സി.പി. ഉണ്ടാക്കിയ തടിപ്പാലം പൊളിച്ചാണ് സ്ഥിരം കോൺക്രീറ്റ് പാലത്തിന് 2000 ഒക്ടോബറിൽ പണി ആരംഭിച്ചത്. നിർഭാഗ്യവശാൽ ആ പണി വളരെ സ്ലോ ആയിരുന്നു. ചെറിയ പാലമാണ്, രണ്ട് സ്പാൻ മാത്രമേയുള്ളൂ. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ വളരെ പ്രതികൂലമായ പേമാരി ഉണ്ടാകുകയും നദി ഗതി മാറി ഒഴുകുകയും ചെയ്യുകയാണ്. ഇപ്പോൾ പാലം ഒരിടത്തും നദി മറ്റൊരിടത്തുമാണ്. എൽ.ബി.എസ്. അതിന്റെ സ്റ്റഡി നടത്തിയിട്ടുണ്ട്. ഇക്ബാൽ കോളേജ്, മാന്നാനിയ കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തെ ആ റോഡ് വളരെ ഗതാഗത തിരക്കുള്ള റോഡാണ്. ആ പാലം പൂർത്തിയാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): വാമനപുരം നിയോജകമണ്ഡലത്തിലെ ചിറ്റാറിന് കുറുകെയുള്ള മൈലമൂട് പാലം നിർമ്മാണത്തിന് 89 ലക്ഷം രൂപയുടെ ഭരണാനുമതിയും അതുപോലെ 69 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി. പാലത്തിന്റെ നിർമ്മാണച്ചുമതല പാലനാട്ടിൽ കൺസ്ട്രക്ഷൻ കമ്പനിയാണ് ഏറ്റെടുത്തിരിക്കുന്നത്. 18-9-2000-ലെ എഗ്രിമെന്റ് വ്യവസ്ഥപ്രകാരം ഒരു വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കണമെന്നായിരുന്നു. പിന്നീട് കാലാവധി 2003 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. എന്നാൽ ഭാഗികമായിട്ട് മാത്രമേ പണി നടന്നിട്ടുള്ളൂ. പണി സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ കരാറുകാരനെക്കൊണ്ട് സാധിക്കില്ല എന്ന് ബോദ്ധ്യം വന്നതിനാൽ കോൺട്രാക്ട് അവസാനിപ്പിച്ചു മറ്റൊരാളെക്കൊണ്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(2) സർക്കാർ ഓഫീസുകളിലെ സീലുകളുടെ കാലപ്പഴക്കം

ശ്രീ. തമ്പാനൂർ രവി: സർ, കേരളത്തിലെ വിവിധ സർക്കാർ ഓഫീസുകളിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന ഓഫീസ് സീലുകൾ കാലപ്പഴക്കംമൂലം ഒട്ടുംതന്നെ തെളിയാതിരിക്കുകയാണ്. ഇതുമൂലം ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സുപ്രധാനമായ സർട്ടിഫിക്കറ്റുകൾ, അത് സ്വീകരിക്കുന്ന അധികാരികൾ സംശയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly